പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3533 12/12/2014 - ൽ മറുപടിക്ക്

## പക്ഷിപ്പനിയും പ്രതിരോധവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മാത്യൂ റ്റി.തോമസ് :<br>ശ്രീമതി. ജമീല പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ:<br>ശ്രീ. സി.കെ.നാണു: | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ പക്ഷിപ്പനി ഏതെല്ലാം ഇടങ്ങളിൽ പടർന്നുപിടിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | എ) കേരളത്തിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട്, ചെന്നിത്തല,തലവടി എന്നിവിടങ്ങളിലും, കോട്ടയം ജില്ലയിലെ അയ്മനം , കുമരകം, ആർപ്പൂക്കര എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിലെ പെരിങ്ങരയിലും പക്ഷിപ്പനി ബാധിച്ചു. |
| ബി) പക്ഷിപ്പനിയെ പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി.മീ ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു.പക്ഷികളെ കൊല്ലുന്നതും സംസ്കരിക്കുന്നതുമായ പ്രക്രിയകളിൽ ഏർപ്പെടുന്നവർക്ക് രോഗം പകരാതിരിക്കാനുള്ള പ്രതിരോധ മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ ആരോഗ്യ പരിശോധനകൾ നിത്യേന നടത്തി വരുന്നുണ്ട്.പക്ഷിപ്പനി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, സംരക്ഷണ ആവരണങ്ങൾ (പി.പി.ഇ.കിറ്റുകൾ) മുതലായവ സ്വരൂപിച്ച് മൂന്ന് ജില്ലകളിൽ അടിയന്തിരമായി എത്തിക്കാൻ നടപടികൾ സ്വീകരിച്ചു.ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നിവിടങ്ങളിൽ ഐസൊലേഷൻ ആശുപത്രി സംവിധാനം, പ്രത്യേക നിയോഗിക്കപ്പെട്ട ഡോക്ടർമാർക്ക് |

ആവശ്യമായ സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) താറാവ് , കോഴി ഇനങ്ങളിലും മറ്റുമായി എത്ര പക്ഷികൾ രോഗം മൂലം കൊല്ലപ്പെട്ടുവെന്നും പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര പക്ഷികളെ കൊന്നൊടുക്കി എന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) രോഗം മൂലം ചത്തുപോയ പക്ഷികളുടെ കണക്ക് ജില്ല തിരിച്ച്.

1. കോട്ടയം 3,949
2. പത്തനംതിട്ട 213
3. ആലപ്പുഴ -13,673

കൊന്നൊടുക്കിയ പക്ഷികളുടെ കണക്ക്

1. കോട്ടയം 16,129
2. പത്തനംതിട്ട 5,241
3. ആലപ്പുഴ 2,51,262

(ഡി) പക്ഷികൾ നഷ്ടപ്പെട്ട കർഷകർക്ക് എത്ര രൂപയുടെ ധനസഹായം ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്;

(ഡി) പക്ഷികൾ നഷ്ടപ്പെട്ട കർഷകർക്ക് 8/12/14 വരെ 1,37,94,000 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്,

(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാര തുക തീരെ അപര്യാപ്തമാണെന്ന കർഷകരുടെ പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരതുക തീരെ അപര്യാപ്തമാണെന്ന കർഷകരുടെ പരാതി ലഭിച്ചിട്ടില്ല.

(signature)

സെക്ഷൻ ഓഫീസർ